പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4923 26.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെ ബാധിക്കുന്ന ഡീസൽ വില വർദ്ധനവ്

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടിക്കടിയുണ്ടാകുന്ന ഡീസൽ വില വർദ്ധനവ് കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബാധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ചെലവുകളിൽ ഒന്ന് ഇന്ധന ഇനത്തിലാണ്. 2019 ജനുവരി 1 ന് ഡീസൽ വില ലിറ്ററിന് 59.93 രൂപ ആയിരുന്നത് നിലവിൽ 66.96 രൂപയായി വർദ്ധിച്ചിട്ടുണ്ട്. തന്മൂലം പ്രതിലിറ്ററിന് 7.03 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ഉപഭോഗം 12,570 കിലോലിറ്റർ ആണെന്നിരിക്കെ ഈയിനത്തിൽ 8.84 കോടി രൂപയുടെ അധിക ബാധ്യത വന്നിട്ടുണ്ട്. |
| (ബി) | ഡീസൽ വില ഉയരുന്ന സാഹചര്യത്തിൽ മറ്റേതെങ്കിലും ഇന്ധനമുപയോഗിച്ച് ഗതാഗതം സാധ്യമാക്കാൻ കെ.എസ്.ആർ.ടി.സി. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | പാരമ്പര്യേതര ഊർജ്ജമാർഗ്ഗങ്ങൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള പരീക്ഷണങ്ങളുടെ ഭാഗമായി ഒരു CNG ബസ് വാങ്ങിയും 10 ഇലക്ട്രിക് ബസ് വെറ്റ് ലീസ് വ്യവസ്ഥയിലും സർവ്വീസ് നടത്തി വരുന്നു. |
| (സി) | കേരളത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര ഇലക്ട്രിക് ബസ് സർവീസുകൾ ആണ് ഉള്ളത്; ഇവയുടെ | (സി) | 10 ഇലക്ട്രിക് ബസ്സുകൾ.<br>വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസുകൾ നടത്തി വരുന്ന ടി ബസ്സുകൾ |

| | | | |
|---|---|---|---|
| | പ്രവർത്തനം ലാഭകരമാണോ; ദിവസേന എത്ര രൂപ ഒരു ഇലക്ട്രിക് ബസിൽ നിന്നും ശരാശരി ലാഭം ലഭിക്കുന്നുണ്ട്; | | മുഴുവൻ ദിവസങ്ങളിലും ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഇലക്ട്രിക് ബസ് ഓപ്പറേറ്റ് ചെയ്യുന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലാഭം ലഭിക്കുന്നില്ല. |
| (ഡി) | കൂടുതൽ ഇലക്ട്രിക് ബസുകൾ സർവീസിന് ഇറക്കുന്നതിനും ചാർജിങ് സ്റ്റേഷനുകൾ ഇടയ്ക്കിടെ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് കെ.എസ്.ആർ. ടി.സി. സ്വീകരിച്ചിട്ടുള്ളത് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ Fame-II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.<br>കെ.എസ്.ആർ.ടി.സി പരീക്ഷണാടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്ന 10 ഇലക്ട്രിക് ബസുകൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി ആലുവ റീജിയണൽ വർക്ക്ഷോപ്പ്, പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ്, തമ്പാനൂർ, ഹരിപ്പാട്, എറണാകുളം എന്നീ ബസ് സ്റ്റേഷനുകളിൽ താൽക്കാലിക ചാർജ്ജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ ബസ് നിരത്തിലിറക്കാൻ തീരുമാനിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ Electric Vehicle Policy അനുസരിച്ച് ചാർജ്ജിംഗിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**